# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി. ഹരീഷ്കുമാറിന് ഉപരിപഠനത്തിനായി ശൂന്യ വേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം. 2480 /2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,23/09/2014**

---

പരാമർശം:- 1) ശ്രീ.പി.ഹരീഷ്കുമാറിന്റെ 02/01/2013 ലെ അപേക്ഷ.
2) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ മലയാളം വിഭാഗത്തിന്റെ 31/12/2012 ലെ കോഴ്സ് സർട്ടിഫിക്കറ്റ്.
3) പഞ്ചായത്ത് ഡയറക്ടറുടെ 24/09/2013, 03/12/2013 തീയതികളിലെ ഇ10-17905/13 നമ്പർ കത്തുകൾ.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ പി. ഹരീഷ്കുമാറിന് കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഉപരി പഠനത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിന് ടിയാന്റെ അപേക്ഷയും മറ്റ് അനുബന്ധങ്ങളും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ, ശുപാർശ സഹിതം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി. ഹരീഷ്കുമാറിന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ മലയാള വിഭാഗത്തിൽ ഇന്റഗ്രേറ്റഡ് എം.ഫിൽ /പി.എച്ച്.ഡി കോഴ്സിന് ചേർന്ന് പഠനം നടത്തുന്നതിന് കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B ലെ നിബന്ധനകൾ പ്രകാരം 05/01/2013 മുതൽ 30/11/2014 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സെൽവരാജൻ. എൽ,**
**അണ്ടർ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയയറക്ടർ, കോഴിക്കോട്.
3. സെക്രട്ടറി, കടലുണ്ടി ഗ്രാമ പഞ്ചായത്ത് ആഫീസ്, കോഴിക്കോട്.
4. ശ്രീ. പി.ഹരീഷ്കുമാർ,ഓഫീസ് അറ്റൻഡന്റ് കടലുണ്ടി ഗ്രാമ പഞ്ചായത്ത് ആഫീസ്, കോഴിക്കോട്.( സെക്രട്ടറി, കടലുണ്ടി ഗ്രാമ പഞ്ചായത്ത് മുഖേന)
5. ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ